# രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?

ഇസ്കന്തർ ജദീദ്

**കാൾ ഓഫ് ഹോപ്പ്**
പി.ബി. നമ്പർ 45
കായംകുളം-കേരള

**RAKSHA PRAPIPPAN JNAN ENTHU CHEYYANAM**
(What shall I do be saved?)
*(Malayalam)*

by
**Iskander Jadeed**

Sept. 2001

All rights are strictly reserved. No part of this publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

No. of Copies : 5,000

Published by :
**CALL OF HOPE**
P.B. No. 45
Kayamkulam - 690 502
Kerala.

Price : Rs. 5.00

Printed by :
P.P. George & Sons
Printers & Publishers
Angamaly - 683 572 - India.
Ph : 084-2456719, 2456819, 2456919

# ഉള്ളടക്കം


| | | |
|---|---|---|
| 1. | രക്ഷ | 5 |
| 2. | രക്ഷയുടെ മാർഗ്ഗം | 12 |
| 3. | പാപത്തിന്മേൽ വിജയം | 16 |
| 4. | പാപമോചനം | 23 |
| 5. | എന്തുകൊണ്ടു രക്ഷപെടണം? | 32 |
| 6. | ജീവന്റെ കിരീടം | 39 |
| 7. | എനിക്ക് എങ്ങനെ രക്ഷപ്രാപിക്കാം? | 42 |
| 8. | ചോദ്യങ്ങൾ | 51 |

# 1
# രക്ഷ

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമപ്രധാന മായ വിഷയമാണ് രക്ഷ എന്നു പറഞ്ഞാൽ അത് അശേഷം പോലും അതിശയോക്തിയല്ല. ആദിമുതൽതന്നെ ദൈവ ത്തിന്റെ മനസ്സിൽ ഉണ്ടായിരുന്ന ഒരു വിഷയമാണിത്. എന്നു മാത്രമല്ല രക്ഷ നമുക്ക് ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുവാ നാണ് ദൈവം ജഡമെടുത്തതു തന്നെ. പരമപ്രാധാന്യമുള്ള വിഷയമാകയാൽ രക്ഷയുടെ സ്വഭാവം, അർത്ഥം, പ്രാധാന്യം തുടങ്ങിയവ നാം അറിഞ്ഞിരിക്കേണ്ടതാണ്. അതുപോലെ തന്നെ ഏതിൽനിന്നാണ് രക്ഷപ്പെടേണ്ടത് എന്നും മനസ്സിലാ ക്കിയിരിക്കണം.

പാപത്തിന്റെ അടിമത്വത്തിൽനിന്നുള്ള സ്വാതന്ത്ര്യവും വിടുതലുമാണ് രക്ഷ എന്ന പദംകൊണ്ട് വേദപുസ്തകത്തിൽ വിവക്ഷിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ഉപദേശങ്ങളിലും പ്രവർത്തനങ്ങളിലും ഈ ആശയം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപ്പെട്ടുപോയവരെ തിരഞ്ഞു രക്ഷിപ്പാൻ മനുഷ്യപുത്രൻ വന്നു എന്ന് സുവിശേഷം ഉൽഘോഷി ക്കുന്നു. അതിക്രമങ്ങളിലും പാപങ്ങളിലും നശിച്ചുകൊണ്ടിരി ക്കുന്നവരെ രക്ഷിക്കുക എന്നുള്ളതായിരുന്നു ക്രിസ്തുവിന്റെ വരവിന്റെ ഉദ്ദേശ്യംതന്നെ.

ഈ വലിയ രക്ഷ മനുഷ്യവർഗ്ഗത്തിന് യാഥാർത്ഥ്യമാ ക്കി തീർക്കുവാൻ തന്നെ ധാരാളമായ സ്നേഹത്താലും കരു ണയാലും പ്രേരിതനായി പാപികളായ മനുഷ്യവർഗ്ഗത്തിനു

വേണ്ടി സ്വന്തം ജീവൻപോലും അർപ്പിക്കുവാൻ ക്രിസ്തു തയ്യാറായി.

ഇംഗ്ലണ്ടിലെ വിക്ടോറിയ മഹാറാണിയുടെ, പിതാവിന്റെ മരണശയ്യയിൽ ഒരു ഡോക്ടർ അദ്ദേഹത്തെ സമീപിച്ച് "പ്രഭോ, അങ്ങയുടെ രാജകീയ പദവിയിൽ അങ്ങേയ്ക്ക് ആശ്വസിപ്പാൻ വകയുണ്ടല്ലോ" എന്നു പറയുകയുണ്ടായി. ഉടനെ അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്. "നീ പറഞ്ഞതു ശരിതന്നെ, എന്നാൽ ആ പദവിയോ പ്രൗഢിയോ എന്റെ രക്ഷയ്ക്കു നിദാനമല്ല. ഞാൻ കൊടും പാപി; ക്രിസ്തു എന്നെ രക്ഷിപ്പാൻ വന്നു എന്ന് അംഗീകരിച്ച് ഏറ്റു പറയുന്നവനാണ് എന്റെ രക്ഷയ്ക്കു നിദാനം." "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ: ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊ. 1:15) എന്ന് വിശുദ്ധ പൗലോസ് പറഞ്ഞ വാക്കുകൾ അനുസ്മരിപ്പിക്കുന്നവയാണ് ആ പ്രഭുവിന്റെ മറുപടി.

## *രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?*

ഏതാണ്ടു രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഫിലിപ്യയിലെ പ്രധാന ജയിൽവാർഡൻ പൗലോസിനോടും ശീലാസിനോടും ചോദിച്ച സുപ്രധാന ചോദ്യമാണിത്. "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്നായിരുന്നു അവർ നൽകിയ ഉത്തരം (അ. പ്ര. 16:30). ലളിതമെങ്കിലും വളരെ വ്യക്തമായ ഉത്തരമായിരുന്നു അത്. രക്ഷിക്കപ്പെടുവാൻ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കയല്ലാതെ കരണീയമായി മറ്റൊന്നും ഇല്ല. യേശുക്രിസ്തുവിലല്ലാതെ മറ്റു യാതൊരുത്തനിലും രക്ഷ ഇല്ല. വിശുദ്ധ കന്യാമറിയാമിനെക്കുറിച്ചു ദൈവദൂതൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "അവൾ ഒരു

മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു" (മത്താ. 1:2). 'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നാണ് ക്രിസ്തുവിനെ കണ്ട മാത്രയിൽ യോഹന്നാൻ സ്നാപകൻ പറഞ്ഞത് (യോഹ. 1:29).

രക്ഷയുടെ അനുഭവത്തിലേക്കു പ്രവേശിക്കുന്നതിനും താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം. (1) *പാപം ഏറ്റുപറയണം.* "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ 1:9). (2) *മാനസ്സാന്തരപ്പെടണം.* "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസ്സാന്തരപ്പെടണമെന്ന് മനുഷ്യരോട് കൽപ്പിക്കുന്നു" (അപ്പൊ. പ്ര. 17:30). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസ്സാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ" (അപ്പൊ. പ്ര. 3:19).

അങ്ങനെ പാപം ഏറ്റുപറഞ്ഞ് മാനസ്സാന്തരപ്പെടുമ്പോൾ രണ്ടു കാര്യങ്ങളിൽ വ്യക്തമായ ഉറപ്പു ലഭിക്കും.

## *1. പാപക്കടത്തിൽ നിന്നുള്ള മോചനം*

പാപം ഒരു കടമാണ് എന്ന് ക്രിസ്തു തന്റെ ഉപമകളിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. "സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കുതീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോട് സദൃശ്യം. അവൻ കണക്കുനോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടപ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു" (മത്താ. 18:23-24). മറ്റൊരു ഉപമയിൽ അവൻ പറഞ്ഞു: "കടം കൊടുക്കുന്ന ഒരുത്തന് രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും

മറ്റവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവർക്കു വകയില്ലാതിരുന്നതിനാൽ അവർ ഇരുവർക്കും ഇളച്ചു കൊടുത്തു" (ലൂക്കാ. 7:41–42).

പാപികളായ മനുഷ്യർ ദൈവത്തോട് കടപ്പെട്ടിരിക്കുന്ന വലിയ കടമാണു പാപം. വലുതായിരുന്നാലും ചെറുതായിരുന്നാലും ശരി, മനുഷ്യനു വീട്ടുവാൻ കഴിയുന്നതിനേക്കാൾ അപ്പുറമാണത്. അതുകൊണ്ട് അത് ദൈവത്തിന്റെ ന്യായവിധിയ്ക്കു കാരണമാകയും ചെയ്തിരിക്കുന്നു. 'പാപത്തിന്റെശമ്പളം മരണമത്രെ' (റോമ. 6:23). എന്നാൽ നമ്മുടെ പാപങ്ങൾ എത്ര വലുതായിരുന്നാലും ശരി, ദൈവമോ തന്റെ കരുണാധിക്യപ്രകാരം, തന്റെ സ്നേഹത്താൽ, അവ ക്ഷമിച്ചുതരുവാൻ മനസ്സൊരുക്കമുള്ളവനാണ്. "എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു" (റോമ. 5:20). ന്യായപ്രമാണത്തിന്റെ വെളിച്ചത്തിൽ നോക്കിയാൽ നമ്മുടെ പാപം നമ്മെ ഭീതിപ്പെടുത്തുന്നവയായിരിക്കും. എന്നാൽ സുവിശേഷമോ നമ്മെ ആശ്വസിപ്പിക്കുന്നു. അനുതപിച്ച് ഏറ്റുപറയുന്നവർക്ക് ക്രൂശിലെ രക്തത്താൽ ലഭിക്കുന്ന പാപമോചനം യാഥാർത്ഥ്യമായി തീരുമ്പോൾ യേശു തന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു നമ്മെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് പാപമോചനം ലഭിച്ചിരിക്കുന്നവർ പാപം മോചിച്ചുതന്നവനെ സ്നേഹിക്കേണ്ടതാകുന്നു. ഒരുവൻ എത്രമാത്രം പാപത്തിൽ മുഴുകിയിരുന്നുവോ, പാപമോചനം കിട്ടുമ്പോൾ അവൻ അതിനനുസരിച്ച് വിശുദ്ധനും വിനായാന്വിതനും അനുസരിപ്പാൻ മനസ്സൊരുക്കമുള്ളവനും ആയിത്തീരും.

## *2. പാപത്തിന്റെ ശക്തിയിൽനിന്നുള്ള രക്ഷ*

പാപഭാരത്തിൽ നിന്ന് വിടുതൽ പ്രാപിക്കുന്നവൻ, പാപത്തിന്റെ ശക്തിയിൽനിന്നും വിടുതൽ പ്രാപിച്ച് തെറ്റായ പരിചയങ്ങളെയും ഉപേക്ഷിക്കണം. ദുഷ്ടനായവന്റെ പിടിയി

ലമർന്നിരിക്കുന്ന ലോകത്തോടുള്ള ബന്ധത്തിൽ ദുഷിച്ച ആഗ്രഹങ്ങൾ നിറവേറ്റുന്നത് അവസാനിപ്പിക്കണം. ഇതു സാദ്ധ്യമായിത്തീരണമെങ്കിൽ മനുഷ്യൻ ഒരു നിരന്തര പോരാട്ടത്തിൽ ഏർപ്പെടണം. ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ പൌലോസ് ഈ ആശയം എടുത്തുപറയുന്നു: 'ഭയത്തോടും വിറയലോടുംകൂടി നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്' (ഫിലി 2:12-13). ക്രിസ്തുയേശുവിന്റെ കൃപയാൽ രക്ഷയുടെ അനുഭവത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഒരു വ്യക്തി ദിനംതോറും വിശുദ്ധിയിൽ വളർന്നുവരേണ്ടതാണ്. നിത്യമായ മഹത്വീകരണം പ്രാപിക്കുന്നതുവരെ അവർ അപ്രകാരം വളർന്നുകൊണ്ടിരിക്കണം എന്നു വിശുദ്ധ പൌലോസ് പഠിപ്പിക്കുന്നു. റോമാ ലേഖനത്തിൽ പൌലോസ് ഇതു വ്യക്തമാക്കുന്നതു ശ്രദ്ധിക്കുക. 'നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു' (റോമ. 13:11).

ചുരുക്കത്തിൽ രക്ഷ എന്നു പറഞ്ഞാൽ, പാപഭാരത്തിൽനിന്നും പാപബന്ധത്തിൽനിന്നും ഉള്ള വിടുതൽ എന്നാണർത്ഥം. ഈ വിടുതൽ ശരീരത്തിലും മനസ്സിലും ആത്മാവിലും അനുഭവിച്ച്, സ്നേഹത്തിൽ നമ്മെ നിഷ്ക്കളങ്കരും വിശുദ്ധരുമായി ദൈവമുമ്പാകെ നിറുത്തുന്നതും ആകുന്നു.

സ്വതന്ത്ര്യം ദുർവിനിയോഗം ചെയ്ത് മറുതലിക്കുന്ന മനുഷ്യനെ രക്ഷിക്കാൻ ദൈവം ഇത്രമാത്രം താല്പര്യം നല്കുന്നതെന്തിനാണ് എന്നു ചിലർ ചോദിച്ചേക്കാം. പാപത്തിന്റെ ഫലം അനുഭവിപ്പാനും ന്യായമായി അർഹിക്കുന്നത് അനുഭവിപ്പാനും എന്തുകൊണ്ട് ദൈവം മനുഷ്യനെ അനുവദിക്കാതിരിക്കുന്നു? യേശുക്രിസ്തു പ്രഖ്യാപിച്ച ഒരു വാചകത്തിൽ ഇതിന്റെ ഉത്തരം കാണിച്ചിട്ടുണ്ട്. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശി

ച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16).

സർ ജെയിംസ് പ്രെൻറിസ് എന്ന നിയമജ്ഞൻ നൽകുന്ന ഒരു ചിത്രീകരണം ശ്രദ്ധേയമാണ്. 'നീതി' 'സത്യം' 'കരുണ' എന്നിവരോട്, മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കുറിച്ച് ദൈവം ആലോചന ചോദിച്ചു. ഉടനെ 'നീതി' പറഞ്ഞു: 'മനുഷ്യനെ സൃഷ്ടിക്കരുത് കാരണം അവൻ നിന്റെ സകല പ്രമാണങ്ങളും താറുമാറാക്കും' 'നീ മനുഷ്യനെ സൃഷ്ടിക്കരുത്, കാരണം അവൻ വൃത്തിഹീനനും വ്യാജത്തിന്റെ പിന്നാലെ പായുന്നവനുമായിരിക്കും' എന്നാണ് 'സത്യം' നൽകിയ മറുപടി. 'മനുഷ്യൻ അരിഷ്ടനും ദോഷിയുമായിരിക്കും എന്നു ഞാനറിയുന്നു. എന്നാൽ ഞാൻ അവന്റെ ചുമതല ഏറ്റെടുത്തു കൂരിരുൾ താഴ്വരയിലും അവനെ കൈവിട്ടു കളയാതെ കൂടെനിന്ന് ഒടുവിൽ നിന്റെ സന്നിധിയിൽ തന്നെ അവനെ എത്തിക്കാം' എന്നായിരുന്നു 'കരുണ' നൽകിയ മറുപടി.

ദൈവം മനുഷ്യനെ സ്വന്ത രൂപത്തിൽ സൃഷ്ടിച്ചു. എന്നാലോ അവൻ സ്വന്ത മോഹങ്ങൾക്ക് അനുസരിച്ച് ജീവിച്ച് ലോകത്തിന്റെ മ്ലേച്ഛതയിൽ വീണുപോയി. എന്നാൽ ദൈവത്തിന്റെ കരുണയും സ്നേഹവും മനുഷ്യനെ പിൻതുടർന്ന് നിത്യമായ സമ്പൂർണ്ണ രക്ഷയ്ക്കുവേണ്ടത് പൂർണ്ണമായി നിറവേറ്റി. അതുകൊണ്ട് ക്രിസ്തുയേശുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തിൽ നിങ്ങൾ ശരണപ്പെടുക. 'സകല ഭൂസീമാവാസികളുമായുള്ളോരെ എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ' (യെശ. 45:22). 'വരുവിൻ നമുക്കുതമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു. നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമംപോലെ വെളുപ്പിക്കും. രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും' (യെശ. 1:18).

സംശയിക്കേണ്ട, ക്രിസ്തുവിനു പ്രവേശിപ്പാൻ നിങ്ങളുടെ ഹൃദയകവാടം തുറക്കുക. 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും' (വെളി. 3:20). അവനെ സ്വീകരിപ്പാൻ നമ്മുടെ ഹൃദയകവാടം തുറക്കണമെന്നാണ് നമ്മെക്കുറിച്ച് അവൻ ആഗ്രഹിക്കുന്നത്.

* * *

# 2
# രക്ഷയുടെ മാർഗ്ഗം

ദൈവത്തിന്റെ രക്ഷാപദ്ധതിയ്ക്കു വെളിയിൽകൂടെ മനുഷ്യന്റെ രക്ഷ സാദ്ധ്യമാകുകയില്ല. ദൈവത്തിന് അല്ലാതെ മറ്റാർക്കുംതന്നെ നീതിയും, കരുണയും, സ്നേഹവും വിശുദ്ധിയും തമ്മിൽ ഒരുമിച്ചു ചേർക്കുവാനും കഴിയുകയില്ല. കാലസമ്പൂർണ്ണതയിൽ ദൈവം ഈ വലിയ വീണ്ടെടുപ്പു ഗോൽഗോഥാ മലയിൽവെച്ചു സാദ്ധ്യമാക്കിത്തീർത്തു. സങ്കീർത്തനക്കാരൻ ഇതേക്കുറിച്ചു മുൻകൂട്ടി പ്രവചിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. 'ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു' (സങ്കീ. 85:10).

ദൈവത്തിന്റെ വിശുദ്ധിയ്ക്കോ ദയയ്ക്കോ യാതൊരു പരിമിതിയും ഇല്ല. എന്നാൽ മനുഷ്യനാകട്ടെ പാപം ചെയ്തു ദുഷിച്ചുപോകുകയും ചെയ്തു. വിശുദ്ധനായ ദൈവത്തോട് അശുദ്ധനായ മനുഷ്യനെ നിരപ്പിക്കുകയായിരുന്നു ഗോൽഗോഥായിൽ ക്രിസ്തു നിറവേറിയത്. സ്വന്തം പുത്രനെ ആദരിക്കാതെ അവനെ നമുക്കെല്ലാവർക്കുംവേണ്ടി ഏൽപ്പിച്ചുതരത്തക്കവണ്ണം അത്രമാത്രം വലിയ സ്നേഹവും ത്യാഗവുമാണ്, കാൽവറിയിൽ നാം കാണുന്നത്. 'ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു' (2 കൊരി. 5:19).

സാഹചര്യങ്ങൾ വ്യക്തമായി പരിശോധിച്ചാൽ ദൈവത്തിന്റെ ഈ രക്ഷാപ്രവർത്തനം പൊടുന്നനവെ ഉണ്ടായതല്ല

എന്നു മനസ്സിലാക്കാവുന്നതാണ്. ദൈവത്തിന്റെ വളരെ മുൻകൂട്ടിയുള്ളതും ശ്രദ്ധാപൂർവ്വവും ആയ ആലോചനയുടെ ഫലമായി ഉണ്ടായ ഒന്നായിരുന്നു അത്. 'നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനു ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തിരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകി തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ. അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു' (എഫെ. 1:5-8).

ക്രിസ്തു പൂർത്തിയാക്കിയ വീണ്ടെടുപ്പാണ് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് അടിസ്ഥാനം. ഇതു നിറവേറ്റുന്നതിനായി, ആദിയിൽ ദൈവത്തോടുകൂടെയായിരുന്ന വചനം മാംസരക്തങ്ങളോടുകൂടിയ ജഡം ധരിച്ചു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പരിഹാരത്തിനായി ക്രൂശിലെ യാഗപീഠത്തിൽതന്നെ അർപ്പിക്കുകയും ചെയ്തു. 'മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു' (എബ്രാ. 2:14, 15).

## *രക്ഷയെക്കുറിച്ചു തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന ചില വാക്യങ്ങൾ*

'കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീ രക്ഷപ്രാപിക്കും' (അപ്പൊ. പ്ര. 16:31).

‘ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ’ (അപ്പൊ. പ്ര. 3:19).

‘നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഒരോരുത്തൻ യേശുക്രിസ്തുവിന്റെ നാമ ത്തിൽ സ്നാനം ഏൽപ്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും’ (അപ്പൊ. പ്ര. 2:38).

‘നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു’ (1 യോഹ. 1:9).

‘യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറ യുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴു ന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമ. 10:9).

‘കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടി രിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു’ (എഫെ. 2:8).

‘കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും’ (റോമ. 10:13).

‘ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു’ (യോഹ. 17:3).

‘മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി ത്തീർന്നു’ (എഫെ. 2:13).

'അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' (1 യോഹ. 1:7).

'അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി. ഭൂമിയിലുള്ളതോ, സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെകൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി' (കൊലോ. 1:19-20).

'വ്യർത്ഥവും പിതൃപാരമ്പര്യമുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന് വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലോ. അവൻ ലോകസ്ഥാപനത്തിനു മുമ്പേ അറിയപ്പെട്ടവനും .......... ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു' (1 പത്രൊ. 1:18-20).

അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (എഫെ. 1:7).

* * *

# 3
# പാപത്തിന്മേൽ വിജയം

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ. 1:9).

പാപത്തിന്മേലുള്ള വിജയം കൃപയുടെ മുഖാന്തരങ്ങൾ സ്വീകരിക്കുന്നതിനാൽ സാദ്ധ്യമാണ്. സ്വന്ത ശക്തിയിലും പ്രവർത്തനത്തിലും ഊന്നിക്കൊണ്ടു പാപത്തിന്മേൽ വിജയം നേടുവാൻ സാദ്ധ്യമല്ല; അപ്രകാരം ദൈവം വിശ്വാസിയെ വിട്ടുകളഞ്ഞിട്ടുമില്ല. ജയജീവിതം സാദ്ധ്യമാക്കി തീർക്കുവാൻ ഓരോ വിശ്വാസിയിലും ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുയാണ്. 'ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്' (ഫിലി. 2:12, 13).

പാപത്തിന്മേൽ വിജയം വരിക്കുവാൻ സഹായിക്കുന്ന താഴെ പറയുന്ന കൃപാമുഖാന്തിരങ്ങൾ ശ്രദ്ധിക്കുക.

## *1. ക്രിസ്തുവുമായുള്ള കൂട്ടായ്മ.*

ക്രസ്തു ഒരു ഉപദേഷ്ടാവും നേതാവും മാത്രമല്ല പിന്നെയോ അവൻ ഹൃദങ്ങളിൽ വസിച്ചു നമ്മെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നവനാണ്. അതുകൊണ്ടാണ് എഫെസോ

സിലെ വിശ്വാസികളെക്കുറിച്ചു 'ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി .......... വളരണ'മെന്ന് പൌലോസ് പ്രർത്ഥിച്ചത് (എഫെ. 3:17).

വിശ്വാസിയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന പല ചിത്രീകരണങ്ങൾ വേദപുസ്തകത്തിൽ ഉണ്ട്. ക്രിസ്തുവിനെ മുന്തിരിവള്ളിയായും വിശ്വാസികളെ ആ മുന്തിരിവള്ളിയിലെ കൊമ്പുകളായും ചിത്രീകരിച്ചിട്ടുണ്ട് (യോഹ. 15:1-3). ക്രിസ്തുവിനെ വിശുദ്ധമന്ദിരമായും വിശ്വാസികളെ ആ മന്ദിരത്തിലെ ജീവനുള്ള കല്ലുകളായുമാണ് പത്രൊസ് ചിത്രീകരിക്കുന്നത് (1 പത്രൊ. 2:5). 'ഞാൻ വാതിൽക്കൽ വന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽച്ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും' (വെളി. 3:20) എന്നു പറയുമ്പോൾ ക്രിസ്തു ഇത്തരത്തിലുള്ള ബന്ധത്തെ ആയിരിക്കും വിവക്ഷിക്കുന്നത്. വീണ്ടും യേശുക്രിസ്തു ഇതേക്കുറിച്ചു പറയുന്നതു ശ്രദ്ധിക്കുക: 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും' (യോഹ. 14:23).

ഈ വിഷയത്തെക്കുറിച്ചു വിശുദ്ധ പൌലോസ് സ്വന്തം അനുഭവത്തോടു ചേർത്തു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: 'ഞാൻ ക്രിസ്തുവിനോടു ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്' (ഗലാ. 2:20).

'ക്രിസ്തു നമ്മിൽ വസിക്കേണ്ടതിനും നാം ക്രിസ്തുവിൽ വസിക്കേണ്ടതിനും' നാം പരിപൂർണ്ണമായി നമ്മുടെ സ്വയം ഉപേക്ഷിക്കയും കർത്താവായ യേശുക്രിസ്തുവിന്റെ ആളത്വത്തോട് ഇഴുകിചേരുകയും വേണം. അതുപോലെ അവന്റെ വചനം നമ്മിൽ രൂഢമൂലമാകത്തക്കവണ്ണം നാം അവന്റെ വചനത്തിലും വസിക്കണം. അങ്ങനെയെങ്കിൽ നാം എന്തു യാചിച്ചാലും നമുക്കു ലഭിക്കയും പാപത്തിന്മേൽ വിജയം വരിച്ചു മുമ്പോട്ടു പോകുവാൻ സാധിക്കുകയും ചെയ്യും.

## *2. തിരുവചന പഠനം*

'മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു' (മത്താ. 4:4) എന്നു കർത്താവായ യേശു ഒരിക്കൽ പറഞ്ഞു.

വിജയകരമായ ജീവിതം നയിച്ചിട്ടുള്ള ദൈവമക്കളുടെ ജീവിതം പരിശോധിച്ചുനോക്കിയാൽ അവരെല്ലാവരുംതന്നെ ദൈവവചനം എന്ന 'ആത്മാവിന്റെ വാൾ' ഉപയോഗിച്ചവരായിരുന്നു എന്നു വ്യക്തമാണ് (എഫെ. 6:17). അതുപോലെതന്നെ ജീവിതത്തിൽ ക്ഷീണമോ മന്ദതയോ അനുഭവിച്ചു താണുപോയിട്ടുള്ളവർ ദൈവവചനം വായിച്ചു ധ്യാനിക്കുന്നതിന്റെ ഫലമായി ശക്തിവീണ്ടെടുത്തിട്ടുണ്ട് എന്നു കാണാവുന്നതാണ്. ദാവീദു പാടിയിട്ടുള്ള വിജയഗീതം ശ്രദ്ധിക്കുക:

'യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്ക്കളങ്കരായവർ ഭഗ്യവാന്മാർ; അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ച്; പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവന്മാർ; അവർ നീതികേടു പ്രവർത്തിക്കാതെ അവന്റെ വഴികളിൽ തന്നെ നടക്കുന്നു, നിന്റെ പ്രമാണങ്ങളെ നിത്യമായി ആചരിക്കേണ്ടതിനു നീ അവയെ കൽപ്പിച്ചുതന്നിരിക്കുന്നു. നിന്റെ ചട്ടങ്ങളെ ആചരിക്കേണ്ടതിന് എന്റെ നടപ്പു

സ്ഥിരമായെങ്കിൽ കൊള്ളായിരുന്നു; നിന്റെ സകല കൽപന കളെയും സൂക്ഷിക്കുന്നേടത്തോളം ഞാൻ ലജ്ജിച്ചുപോക യില്ല.

നിന്റെ നീതിയുള്ള വിധികളെ പഠിച്ചിട്ടു ഞാൻ പര മാർത്ഥഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും; ഞാൻ നിന്റെ ചട്ടങ്ങളെ ആചരിക്കും. എന്നെ അശേഷം ഉപേക്ഷി ക്കരുതേ' (സങ്കീ. 119:1–11).

തന്റെ പാപത്തിന്മേൽ വിജയം വരിച്ചതിന്റെ സാക്ഷ്യ മായി ദാവീദു പാടിയ മറ്റൊരു പാട്ടിൽ അവൻ ഇപ്രകാരം പറയുന്നു:

> 'യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു; യഹോവ യുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അൽപ ബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോ വയുടെ ആജ്ഞകൾ നേരുള്ളവ, അവ ഹൃദ യത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കൽപന നിർമ്മലമായത്, അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു. യഹോവഭക്തി നിർമ്മലമാ യത്, അത് എന്നേക്കും നിലനിൽക്കുന്നു. യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്ത ക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ; അടിയനും അവയാൽ പ്രബോധനം ലഭിക്കുന്നു. അവയെ പ്രമാണിക്കുന്നതിനാൽ വളരെ പ്രതി ഫലം ഉണ്ട്' (സങ്കീ. 19:7–11).

തന്റെ ശിഷ്യനായ തിമൊഥെയോസിനു വി. പൌലോസ് ഇതു സംബന്ധിച്ചു നൽകിയ നിർദ്ദേശങ്ങളും ഇത്തരുണ ത്തിൽ ശ്രദ്ധേയമാണ്.

'നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവ ത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജ നമുള്ളത് ആകുന്നു' (2 തിമൊ. 3:15-17).

വിജയകരമായ ജീവിതത്തിന് ദൈവവചനത്തിന്റെ സ്ഥാനവും സ്വാധീനവും എത്രമാത്രമാണെന്നും വി. പത്രൊസും പറയുന്നുണ്ട്. 'പ്രവാചകവാക്യവും അധികം സ്ഥിരമായിട്ട് നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്. തിരുവചനത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യംതന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകൽപ്പനയാൽ മനു ഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ' (2 പത്രൊ. 1:19-21).

### *3. പ്രാർത്ഥന*

ശിഷ്യന്മാരെ സാത്താൻ പരീക്ഷിക്കുവാൻ ശ്രമിച്ച പ്പോൾ 'പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ' (ലൂക്കോസ് 22:40) എന്നാണ് യേശുകർത്താവ് ഉപദേശിച്ചത്. മുളയിലെ നുള്ളിക്കളയുന്നില്ലെങ്കിൽ പരീക്ഷ ദോഷചിന്തകളി ലേക്കും ദോഷചിന്തകൾ ഒടുവിൽ പാപത്തിലേക്കും നമ്മെ വീഴ്ത്തിക്കളയും. അതുകൊണ്ടു പരീക്ഷയിൽ വീണുപോകാ തിരിപ്പാനും തുടർന്നു നശിച്ചുപോകാതിരിപ്പാനും നിരന്തരം പ്രാർത്ഥിക്കേണ്ടതാണ്.

### *4. മനഃപൂർവ്വമായ അനുതാപം*

'പാപം ചെയ്യാതിരിക്കുന്നത് നന്ന്; എന്നാൽ പാപം ചെയ്താലോ അതു മനഃപൂർവ്വമായി ഏറ്റുപറയുവാൻ മറ്റൊരു സമയത്തേക്കു മാറ്റി വയ്ക്കരുത്. അങ്ങനെ അനുതപിച്ച് ഏറ്റുപറഞ്ഞ് കഴിഞ്ഞാൽ വീണ്ടും അതേ പാപം തന്നെ ചെയ്യരുത്. എന്നാൽ വീണ്ടും അതേ പാപം ചെയ്യുന്നുവെങ്കിൽ, ദൈവത്തിന്റെ സഹായം കൂടാതെ അവയെ ജയിക്കുവാൻ കഴിയുകയില്ല എന്നറിഞ്ഞ് ദൈവസഹായം തേടണം. അങ്ങനെ ദൈവത്തിന്റെ സഹായത്താൽ വിജയം വരിക്കുമ്പോൾ അതോർത്തു ദൈവത്തെ സ്തുതിക്കുകയും ദൈവസഹായം തുടർന്നു ലഭിക്കുവാൻ യാചിക്കുകയും വേണം' എന്ന് ബാസിൽ എന്ന വിശുദ്ധ സഭാപിതാവ് പറഞ്ഞിട്ടുണ്ട്.

### *5. 'പഴയ മനുഷ്യനെ' ക്രൂശിക്കുക*

'നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ചു കേട്ട് അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്. മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ' (എഫെ. 4:20-24) എന്നാണ് വി. പൌലോസ് ഇതു സംബന്ധിച്ചു പഠിപ്പിക്കുന്നത്. പഴയ സ്വഭാവം ഇല്ലാതാക്കണം. ആത്മാവു സംബന്ധമായി പുതുക്കം പ്രാപിക്കയും വേണം.

### *6. ക്രിസ്തുവിന്റെ സ്നേഹത്തിൽ ശരണപ്പെടുക*

വി. മക്കാറിയസ് പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ 'നീ ഒരു വിശുദ്ധനാണ്' എന്ന അഹങ്കാര ചിന്ത സാത്താൻ

അദ്ദേഹത്തിന്റെ മനസ്സിൽ കൊടുത്തു. 'നീ എന്റെ ജീവിത ത്തിലെ പല വീഴ്ചകളും ബലഹീനതകളും ഓർക്കുന്നില്ലേ' എന്നായിരുന്നു അദ്ദേഹം അതിനുകൊടുത്ത മറുപടി. എന്നാൽ ചില ദിവസം കഴിഞ്ഞ് അദ്ദേഹത്തെ അധൈര്യപ്പെ ടുത്തി ക്ഷീണിപ്പിക്കുവാൻ 'നീ ഇക്കാലത്തു എത്രയോ കുറ വുള്ളവനും, അനീതിയുള്ളവനുമാണ്' എന്ന ചിന്ത സാത്താൻ അദ്ദേഹത്തിന്റെ മനസ്സിൽ കൊടുത്തു. 'അതേ നീ പറ ഞ്ഞതു ശരിയാണ്. ഞാൻ കുറവുള്ളവനും അനീതി ഉള്ളവ നുമാണ്. എന്നാൽ എനിക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ സ്നേഹവും അവന്റെ ക്രൂശുമരണവും നീ മറന്നുകളഞ്ഞു. അവന്റെ പൂർണ്ണതയിൽ എന്റെ ബലഹീനതകൾ അകറ്റി അവൻ എന്നെ പൂർണ്ണനാക്കുന്നു' എന്നാണ് അതിനു മക്കാറി യാസ് പറഞ്ഞത്.

## *7. ആത്മീയ കൂട്ടായ്മ*

ക്രിസ്തീയ ജീവിതത്തിൽ വിശ്വാസിയും ശക്തിപ്പെട്ടു തഴച്ചുവളരുവാൻ ലഭിച്ചിരിക്കുന്ന ഏറ്റവും മനോഹരമായ മാർഗ്ഗമാണ് ആത്മീയ കൂട്ടായ്മ ബന്ധങ്ങൾ. വിശ്വാസികൾ ഒരുമിച്ചുകൂടി കൂട്ടായ്മ അനുഭവിക്കുന്നത് ശക്തിയാർജ്ജിക്കു വാൻ സഹായിക്കുന്നതാണ്. ആദിമ സഭയിലെ വിശ്വാസിക ളെക്കുറിച്ച് 'അവർ അപ്പൊസ്തലന്മാരുടെ ഉപദേശംകേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു' (അ. പ്ര. 2:42) എന്നാണ് പറഞ്ഞിരിക്കുന്നത്. അതു കൊണ്ട് 'ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗ ങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പി പ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക' (എബ്രാ. 10:24-25) എന്നാണ് അപ്പോസ്തലൻ ഉപദേശിക്കുന്നത്.

* * *

# 4
# പാപമോചനം

'മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു' (മത്താ 4:4).

പാപമോചനം എന്ന വാക്കിന് 'പാപം മൂടിവയ്ക്കുക' 'മറച്ചുവയ്ക്കുക' 'പരിഹാരം വരുത്തുക' എന്നൊക്കെയാണ് വേദപുസ്തകത്തിൽ അർത്ഥമാക്കുന്നത്. ഉല്പ. 6:14-ലാണ് ഈ ആശയം വരുന്ന പദം ആദ്യമായി കാണുന്നത്. മറയ്ക്കുവാൻ ഉപയോഗിക്കുന്ന 'അറ' എന്ന ആശയമാണ് അവിടെ കാണുന്നത്. ഇതിൽ നിന്നാണ് പഴയനിയമത്തിൽ അതിവിശുദ്ധ സ്ഥലത്ത് 'മൂടിവയ്ക്കുക' എന്ന അർത്ഥം ലഭിക്കുന്നത്. പുതിയനിയമത്തിൽ കുറെക്കൂടെ വ്യക്തമായ ആശയം നാം കാണുന്നു. അതായത് ക്രിസ്തുവിന്റെ രക്തത്താൽ പാപപരിഹാരം ലഭ്യമാകുന്നു എന്ന് അവിടെ വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് 'ക്രിസ്തു നല്കിയ പ്രായശ്ചിത്തത്താൽ (രക്തത്താൽ) നമ്മുടെ പാപങ്ങൾ മൂടിക്കളയുന്നു' എന്നാണ് പാപമോചനം എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത്.

പാപമോചനം എന്ന വിഷയത്തെക്കുറിച്ച് നാം പഠിക്കുമ്പോൾ നമ്മുടെ പാപങ്ങളുടെ മോചനത്തിന് മുഖാന്തിരക്കാരൻ ക്രിസ്തുവാണ് എന്നു കാണാവുന്നതാണ്. അതായത് ക്രൂശിലെ തന്റെ മരണത്താലാണ് നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തിയത്. വിശുദ്ധ യോഹന്നാൻ അപ്പോസ്തലൻ

സ്വന്തം അനുഭവ സാക്ഷിയിൽകൂടെ ഇതു വ്യക്തമാക്കുന്നുണ്ട്. 'ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന് മാത്രമല്ല സർവ്വലോകത്തിന്റെ പാപത്തിനും തന്നേ (1 യോഹ. 2:1, 2). അതുപോലെ 'എടുത്തുകളയുക' എന്ന അർത്ഥവും പാപമോചനം എന്ന പദത്തിനുണ്ട്. 'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നു തന്റെ സമീപെ കൂടി കടന്നുപോയ യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ പറയുന്നതു ഈ അർത്ഥത്തിലാണ് (യോഹ. 1:29).

എന്തുകൊണ്ടാണ് പ്രായശ്ചിത്തം കൂടാതെ ദൈവം പാപം ക്ഷമിക്കാത്തത് എന്നു ചിലർ ചോദിച്ചേക്കാം. ഉത്തരം ലളിതമാണ്. (എ) സകല മനുഷ്യരാശിയെക്കുറിച്ചും ദൈവത്തിന് വ്യക്തമായ ചില ക്രമീകരണങ്ങളുണ്ട്. ദൈവം നീതിമാനാണ്. നിയമം പാലിക്കണമെന്ന് നീതിമാനായ ദൈവത്തിന് നിർബന്ധവുമുണ്ട്. 'പാപം ചെയ്യുന്ന ദേഹി മരിക്കണം' എന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നതും. (ബി) സകല മനുഷ്യരാശിയുടെയും സമാധാനപരമായ ജീവിതത്തിനും വളർച്ചയ്ക്കും നിയമം പാലിച്ചേ തീരൂ. നിയമം അഭംഗുരം പാലിച്ചെങ്കിലേ സമൂഹത്തിൽ സമാധാനം നിലനിൽക്കുവാൻ സാധിക്കയുള്ളു. (സി) എന്നാൽ മനുഷ്യൻ ചെയ്ത തെറ്റിനു മനുഷ്യൻ തന്നെ പ്രായശ്ചിത്തം ചെയ്താൽ പോരെ എന്നു ചോദിച്ചേക്കാം. സകല മനുഷ്യരെക്കുറിച്ചും വി. വേദ പുസ്തകം പറയുന്നതു ശ്രദ്ധിക്കുക. 'ഏതു വായും അടഞ്ഞ് സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതത്രെ' (റോമ. 3:19). അതായത് സകല മനുഷ്യരും ദൈവമുമ്പാകെ ശിക്ഷായോഗ്യർതന്നെ. ദൈവത്തിന്റെ കരുണ വലുതാണ് എന്നു നാം ഓർക്കണം. 'അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു

മൂലം സൗജന്യമത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമ. 3:24-25).

## മനുഷ്യനും പാപമോചനവും

പാപഭാരം പേറിനടക്കുന്നവർ ആ ഭാരത്തിൽ നിന്നു വിമുക്തിനേടുവാൻ, (പാപക്ഷമ നേടുവാൻ) പല മാർഗ്ഗങ്ങൾ ഉപയോഗിക്കാറുണ്ട്.

### *1. നന്മപ്രവൃത്തികൾ*

നന്മപ്രവൃത്തികൾ അതിൽ തന്നെ നല്ലതാണ്. എന്നാൽ ചെയ്തുപോയ പാപങ്ങൾക്കു പ്രായശ്ചിത്തമായി തീർന്ന് ദൈവത്തിൽനിന്നു പാപക്ഷമ ലഭിക്കുവാൻ അവ പര്യാപ്തമല്ല. പ്രവാചകനായ യെശയ്യാവ് ഇതു വളരെ വ്യക്തമാക്കുന്നുണ്ട്. 'ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ. ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു. ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു' (യെശ. 64:6). ഈ ചിന്തയാൽ പ്രേരിപ്പിക്കപ്പെട്ട വി. പൌലോസ് അവന്റെ അനുഭവം പറയുന്നത് ശ്രദ്ധിക്കുക: 'ആരും പ്രശംസിക്കാതിരിപ്പാൻ (നന്മപ്രവൃത്തികളാൽ) പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു. (എഫെ. 2:9, 10)

പൌലോസ് മേൽവിവരിച്ചപ്രകാരം, നന്മപ്രവൃത്തികൾ യാതൊരു മനുഷ്യനും പാപമോചനം പ്രധാനം ചെയ്യുന്നില്ല.

നന്മ ചെയ്യുക എന്നത് ഓരോ മനുഷ്യന്റെയും കടമയാണ്. അതുകൊണ്ട് ഏതെങ്കിലും നന്മചെയ്താൽ തന്നെ അത് അവന്റെ ഭാഗത്ത് എടുത്തുപറയത്തക്ക എന്തെങ്കിലും നേട്ട മായി കണക്കാക്കാവുന്നതല്ല. യേശുക്രിസ്തുതന്നെ ഈ ആശയം വ്യക്തമായി എടുത്തു പറയുന്നുണ്ട്. 'അവ്വണ്ണം നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ' (ലൂക്കോ. 17:10).

'നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയ ത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടുംകൂടെ സ്നേഹിക്കണം' എന്നുള്ളതാകുന്നു ന്യായപ്രമാണത്തിലെ ഒന്നാമത്തേതും ഏറ്റവും വലുതുമായ കൽപ്പന എന്നാണ് ക്രിസ്തു കൽപ്പിച്ചിരിക്കുന്നത്. അതായത് ദൈവത്തെ സ്നേഹിക്കുകയും ശുശ്രൂഷിക്കയും ചെയ്യേണ്ടത് നമ്മെക്കുറി ച്ചുള്ള ദൈവത്തിന്റെ താൽപ്പര്യമാണ്.

ഒരു ദേവാലയം പണിയുവാൻ ദാവീദുരാജാവും ജനവും ധാരാളം സ്വർണ്ണം നൽകി. അപ്പോൾ ദാവീദ് പറ ഞ്ഞത്: 'എന്നാൽ ഞങ്ങൾ ഇത്ര മനഃപൂർവ്വമായി ദാനം ചെയ്യേണ്ടതിനു പ്രാപ്തരാകുവാൻ ഞാൻ ആർ? എന്റെ ജനവും എന്തുള്ളു? സകലവും നിങ്കൽ നിന്നല്ലോ വരുന്നത്. നിന്റെ കൈയിൽ നിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേ യുള്ളു... ഞങ്ങളുടെ ദൈവമായ യഹോവേ നിന്റെ വിശുദ്ധ നാമത്തിനായി നിനക്ക് ഒരു ആലയം പണിയുവാൻ ഞങ്ങൾ ശേഖരിച്ചിട്ടുള്ള ഈ സംഗ്രഹമെല്ലാം നിന്റെ കൈയിൽ നിന്നു ള്ളത്, സകലവും നിനക്കുള്ളതാകുന്നു' (1 ദിന. 29:14-16).

നന്മപ്രവൃത്തികൾ നല്ലതുതന്നെ. നാം നന്മചെയ്യണമെ ന്നുള്ളതാണ് നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ താൽപ്പര്യം. എന്നാൽ നന്മപ്രവൃത്തികൾകൊണ്ട് പാപമോചനം ലഭ്യമല്ല.

അങ്ങനെ സാധിക്കുമെങ്കിൽ 'കൃപ' എന്നുള്ള വാക്കു നിഘണ്ടുവിൽനിന്നുതന്നെ മാറ്റികളയേണ്ടി വരും.

### *2. പ്രാർത്ഥന*

പ്രാർത്ഥന മുഖാന്തരവും പാപമോചനം ലഭ്യമല്ല. പാപം ചെയ്തതിനാൽ മനുഷ്യൻ ദൈവത്തെ കോപിപ്പിച്ചിരിക്കയാണ്. ആ കോപം പ്രർത്ഥനമൂലം ഇല്ലാതാക്കുവാൻ കഴിയുന്നതല്ല. അതു മാത്രവുമല്ല പ്രാർത്ഥനയാൽ ദൈവത്തിന്റെ ദയാവായ്പു പിടിച്ചുപറ്റുവാനും കഴിയുന്നതല്ല. കാരണം, ദൈവത്തിന്റെ കൃപ, അവന്റെ നീതിയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതാണ്. ദൈവനീതിയിൽ നിന്നന്യപ്പെട്ടുള്ളതല്ല അവന്റെ കൃപ.

നമുക്കുവേണ്ടി ദൈവമുമ്പാകെ പക്ഷവാദം ചെയ്യുന്നതും നമ്മെ ദൈവത്തോടടുപ്പിക്കുന്നതും ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ഒരു പാപിക്കു പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമോ അഭയയാചനയോ ഹൃദ്യമായി തോന്നുകയില്ല. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ അധിവാസത്തോടുകൂടെ പ്രാർത്ഥിക്കുവാൻ കഴിയുന്നതല്ല. പരിശുദ്ധാത്മാവിൽ അല്ലാത്ത പ്രാർത്ഥന ഫലകരവുമല്ല.

'അങ്ങനെയെങ്കിൽ ആർക്കു പ്രാർത്ഥിക്കുവാൻ കഴിയും' എന്നു ന്യായമായി ഒരു സംശയം തോന്നാം. ക്രിസ്തുവിനെ അംഗീകരിക്കുകയും അവന്റെ ക്രൂശിലെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടു പാപമോചനം പ്രാപിച്ചിരിക്കയും ചെയ്യുന്ന ഏതൊരാൾക്കും പ്രാർത്ഥിക്കുവാനുള്ള പദവിയും അവകാശവും ഉണ്ട്. അതുകൊണ്ട് പാപമോചനം ലഭിക്കുവാനുള്ള ഒരു മുഖാന്തരമല്ല പ്രാർത്ഥന. പാപങ്ങൾ മോചിക്കപ്പെട്ടതിനുശേഷം ദൈവവുമായി പാലിക്കുവാൻ കഴിയുന്ന സന്തോഷകരമായ ഒരു നല്ല ബന്ധമാണ് പ്രാർത്ഥന.

### *3 ഉപവാസം*

ഹൃദയനുറുക്കത്തിന്റെയും സ്വയം താഴ്ത്തലിന്റെയും ലക്ഷണമാണ് ഉപവാസം. എന്നാൽ പാപത്തിന്റെ ഫലമായി ദൈവമുമ്പാകെ ചെയ്തുപോയ കുറ്റം ഇല്ലാതാക്കുവാൻ അവ പര്യാപ്തമല്ല. അതുകൊണ്ടു പാപമോചനം നേടികൊടുക്കുവാൻ ഉപവാസത്തിനും കഴിയുകയില്ല.

ദൈവകൃപ നേടുവാൻ ഉപവസിക്കുന്നവർ ദൈവത്തിനോ മനുഷ്യർക്കോ ഏതെങ്കിലും തരത്തിലുള്ള പ്രയോജനം ചെയ്യുന്നില്ല എന്നു അനുഭവം പഠിപ്പിച്ചിട്ടുണ്ട്. ഉപവാസം കൊണ്ട് എന്തെങ്കിലും നഷ്ടപരിഹാരത്തിന് അവർ അർഹരാകുന്നുമില്ല. 'നിങ്ങൾ ഉപവസിച്ചു വിലപിക്കയിൽ നിങ്ങൾ എനിക്കുവേണ്ടി തന്നെയോ ഉപവസിച്ചത്? നിങ്ങൾ ഭക്ഷിക്കുമ്പോഴും പാനംചെയ്യുമ്പോഴും നിങ്ങൾ തന്നെയല്ലോ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നത്'.

(സെഖ. 7:5–6).

### *4. മദ്ധ്യസ്ഥത*

നമുക്കുമുമ്പു ജീവിച്ചിരുന്ന വിശുദ്ധന്മാരുടെയോ ഭക്തന്മാരുടെയോ മദ്ധ്യസ്ഥതയാൽ പാപങ്ങൾ മോചിക്കപ്പെടും എന്നുള്ള പഠിപ്പിൽ വിശുദ്ധ വേദപുസ്തകത്തിൽ കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് അപ്പൊസ്തലന്മാരുടെ വ്യക്തമായ ഉപദേശം ഇപ്രകാരമാണ്. 'ദൈവം ഒരുവനല്ലൊ; ദൈവത്തിനു മനുഷ്യനും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസതുയേശു തന്നേ'.

(1 തിമൊ. 2:5–6)

'കല്പിച്ചതൊക്കെയും ചെയ്തശേഷം ഞങ്ങൾ അപ്രയോജന ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ.'

### *5. അനുതാപം*

അനുതാപം നല്ലതുതന്നെ. അധികം തെറ്റുകൾ തുടർന്നു ചെയ്യാതിരിപ്പാൻ അതു സഹായിക്കും. നല്ലതു തന്നെ എന്നു പറഞ്ഞാലും മുൻപുചെയ്ത തെറ്റുകൾ മോചിക്കപ്പെടുന്നതിന് അതു മതിയായതല്ല. ഉദാഹരണമായിട്ട് ഒരു കൊലപാതകൻ കേസ് വിസ്താരവേളയിൽ ഇനി ഇങ്ങനെ കുറ്റം ചെയ്യുകയില്ല എന്നു പറഞ്ഞു എന്നിരിക്കട്ടെ; ചെയ്ത കുറ്റം ക്ഷമിക്കുന്നതിന് കുറ്റവാളിയുടെ ഈ സമ്മതം ഏതെങ്കിലും ന്യായാധിപൻ അടിസ്ഥാനമായി സ്വീകരിക്കുമോ? അശേഷംപോലുമില്ല. നിയമം പാലിക്കുന്നതിനുവേണ്ടിയാണ് ന്യായാധിപൻ ആക്കപ്പെട്ടിരിക്കുന്നത്; അല്ലാതെ ആ നിയമത്തെ ലംഘിക്കുവാൻ അദ്ദേഹത്തിനു കഴിയുകയില്ലല്ലൊ. നീതിയും ന്യായവും നടപ്പാക്കുന്നതിന് ഭൂമിയിലെ ഒരു ന്യായാധിപൻ കടപ്പെട്ടവനാണെങ്കിൽ ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ന്യായാധിപനായിരിക്കുന്ന വിശുദ്ധ ന്യായാധിപനും എങ്ങനെ തന്റെ നിയമം ലംഘിക്കുവാൻ കഴിയും? പാപം ചെയ്യുന്ന ദേഹി മരിക്കും' (യെഹ. 18:20) എന്നുള്ളതാണ് ദൈവനീതി.

## എങ്ങനെ പാപമോചനം നേടാം?

ഏതുകാലത്തും ഏതു തലമുറയിലും, തങ്ങളുടെ പാപത്തിന്റെ ഫലമായി ഉണ്ടായിരുന്ന നിദ്രാമരണത്തിൽ നിന്ന് ഉണർത്തപ്പെടുമ്പോൾ ഏതൊരാളും ചോദിക്കുന്ന ഒരു ചോദ്യമാണിത്. 'വീണ്ടെടുപ്പിനാൽ' മാത്രമെ പാപമോചനം ലഭ്യമാകയുള്ളു എന്നത്രെ ഇതിന്റെ വ്യക്തമായ ഉത്തരം. വി. പൌലോസ് ഈ ആശയം വിശദീകരിക്കുന്നതു ഇപ്രകാരമാണ്. 'വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയുംചെയ്ത പിതാവിനു

സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്' (കൊലൊ. 1:12-14).

ദൈവമക്കൾക്കു ഈ പരമാർത്ഥം വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. അവർ അതു സാക്ഷിച്ചിട്ടുമുണ്ട്. 'അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും. നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനംകൊണ്ടു പലരേയും നീതീകരിക്കും. അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. അതുകൊണ്ട് ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും. ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും. അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ' (യെശ. 53:11, 12). യോഹന്നാൻ സ്നാപകൻ കടന്നുപോകുന്ന യേശുവിനെ ചൂണ്ടിക്കൊണ്ട് പറയുന്നത്: 'ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹ 1:29) എന്നാണ്.

പാപമോചനം കൃപയാൽ, സൗജന്യമായി ലഭിക്കുന്നതാണ്. അപ്രകാരമുള്ള കൃപയുടെ മുഖാന്തരവും ക്രിസ്തുവത്രെ. അവനിലാണ് പിതാവായ ദൈവം നമ്മെ നിത്യജീവന്റെ അനുഭവക്കാരായി തെരഞ്ഞെടുത്തത്; അവനിലാണു നമ്മെ മക്കളും അവകാശികളുമായി ദത്തെടുത്തത്; അവനിലാണു സകല സ്വർഗ്ഗീയ അനുഗ്രഹങ്ങളാലും നമ്മെ അനുഗ്രഹിച്ചിരിക്കുന്നത്.

ഈ ശ്രേഷ്ടമായ വീണ്ടെടുപ്പിൽകൂടെ ക്രിസ്തു നമ്മെ ദൈവത്തോടു നിരപ്പിക്കുന്ന മദ്ധ്യസ്ഥനായി തീരുകയാണ് ചെയ്തിരിക്കുന്നത്. പാപമോചനമെന്ന ഉറപ്പാണ് ആ വീണ്ടെടുപ്പിന്റെ ഫലം. ദൈവം കരുണയിൽ സമ്പന്നനും തന്റെ സ്നേഹം അളവില്ലാത്തതുമാകയാൽ അവൻ നൽകുന്ന പാപ

മോചനത്തിനു യാതൊരു പരിമിതിയും ഇല്ല. പാപമോചന ത്തിന്റെ ഫലം താഴെപറയുന്നവയാണ്.

1. പാപിയോടുള്ള ദൈവത്തിന്റെ കോപം ഇല്ലാതായി; എന്നുമാത്രമല്ല തന്റെ പ്രിയപുത്രനിൽകൂടെ ചൊരിഞ്ഞ കരു ണാധിക്യപ്രകാരം തന്റെ ദിവ്യ സന്തോഷത്താൽ നിറയ്ക്കു കയും ചെയ്യുന്നു.

2. കുറ്റബോധത്തിന്റെ വിങ്ങലിൽ നിന്നു വിടുതൽ പ്രാപിക്കും.

3. പാപത്തിന്റെ ഫലമായി മനുഷ്യൻ അർഹിക്കുന്ന ശിക്ഷ നീക്കുകയും നശീകരണ സ്വഭാവത്തിൽ നിന്നും ജീവ നുള്ള ദൈവത്തെ സേവിക്കുന്ന ക്രിയാത്മക പ്രവർത്തനത്തി നായി അവനെ ഒരുക്കുകയും ചെയ്യും.

* * *

# 5
# എന്തുകൊണ്ട് രക്ഷപ്പെടണം?

ഏറ്റവും ശ്രേഷ്ടമായ അവസ്ഥയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. വസ്തുതകൾ ഗ്രഹിച്ച് മനസ്സിലാക്കി ആസ്വദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇതര ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ചിന്തിപ്പാനുള്ള കഴിവ് ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. ചിന്തിക്കുമ്പോൾ സ്വാഭാവികമായി സംശയങ്ങളുണ്ടാകാം. അവ ചോദ്യരൂപത്തിൽ ഉന്നയിക്കുകയും ചെയ്യാൻ ഇടയുണ്ടല്ലോ. അതുകൊണ്ട് പാപത്തിന്റെ ഫലമായി വീണുപോയ മനുഷ്യന്റെ മനസ്സിൽ പൊന്തിവന്നിട്ടുള്ള ഒരു പ്രധാന ചോദ്യമുണ്ട്: 'രക്ഷപ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം?'

ആദിമുതലേ ദൈവം പറഞ്ഞ 'ഇത്രവലിയ രക്ഷ' നാം അഗണ്യമാക്കിയാൽ നമുക്ക് എങ്ങനെ തെറ്റിയൊഴിയുവാൻ കഴിയും? എന്നു വി. പൌലോസിന്റെ ചോദ്യത്തിൽ നിന്നും 'രക്ഷ' എത്ര പ്രധാന വിഷയമാണെന്നും മനസ്സിലാക്കാമല്ലോ. ദൈവത്തിന്റെ മനസ്സിൽപോലും ചലനമുളവാക്കി ചിന്തിപ്പിക്കത്തക്ക ഒരു വിഷയമായി തീർന്നതുകൊണ്ടാണ് 'ഇത്ര വലിയ രക്ഷ' എന്നു പൌലോസ് പറയുന്നത്. ആ ചിന്ത ദൈവത്തിന്റെ മനസ്സിൽ ഉണ്ടായതിന്റെ ഫലമായി ''കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി, ന്യായപ്രമാണത്തിൻകീഴെ ജനിച്ചവനായി നിയോഗിച്ചയച്ചു. അത് അവൻ ന്യായപ്രമാണത്തിൻകീഴുള്ളവരെ വിലയ്ക്കുവാങ്ങീട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ" (ഗലാ 4:4-5).

രക്ഷ അത്രമാത്രം മർമ്മപ്രധാന വിഷയമാണെങ്കിൽ അതിന്റെ പ്രാധാന്യം നാം പരിശോധിക്കേണ്ടതാണ്. ഈ സുപ്രധാന വിഷയത്തിന്റെ വിശദാംശങ്ങൾ വിശദീകരിക്കുവാൻ ഞാൻ അശക്തനാണെങ്കിലും എന്റെ അനുഭവത്തിൽ മനസ്സിലാക്കിയിട്ടുള്ള ചില സത്യങ്ങൾ മാത്രം രേഖപ്പെടുത്തുവാനാണ് ആഗ്രഹിക്കുന്നത്.

(1) നമുക്കു രക്ഷ പ്രധാനം ചെയ്യുവാൻ ക്രിസ്തു നൽകിയ വില വളരെ വലുതായിരുന്നു. വി. പത്രോസ് പറയുന്നത് ശ്രദ്ധിക്കുക: "നിങ്ങളുടെ പ്രവാസകാല ഭയത്തോടെ കഴിപ്പിൻ. വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന് വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെകൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. അവൻ ലോകസ്ഥാപനത്തിനുമുമ്പെ മുന്നറിയപ്പെട്ടവനും ആണ്".

(1 പത്രൊ 1:17–20)

നമുക്കു രക്ഷ നേടിതരുവാൻ ദൈവം കൊടുത്ത വില ഇതാണ്. മനുഷ്യനെ സൃഷ്ടിക്കുന്നതിനു ദൈവം എടുത്ത ബദ്ധപ്പാടിനേക്കാൾ വളരെ വലുതാണ് അവനെ രക്ഷിക്കുവാൻ കൊടുത്ത വില. മനുഷ്യനെ സൃഷ്ടിക്കുവാൻ ദൈവത്തിനു ഒരു വാക്കുപയോഗിച്ചാൽ മതിയായിരുന്നു. എന്നാൽ രക്ഷിക്കുവാൻ അതു പോരായിരുന്നു. ''സ്വന്തം പുത്രനെ ആദരിക്കാതെ അവനെ നമുക്കായി ഏല്പിച്ചു തരികയത്രെ ചെയ്തത്.'' രക്ഷ പ്രധാനം ചെയ്യുവാൻ ഇത്രമാത്രം ത്യാഗവും വേദനയും ദൈവത്തിനു വേണ്ടിയിരുന്നെങ്കിൽ ആ രക്ഷ നിസ്തുല്യം തന്നെ.

(2) ഏതിൽ നിന്നാണ് ദൈവം നമ്മെ രക്ഷിച്ചത്? പാപത്തിന്റെ ഭാരത്തിൽ നിന്നും ശിക്ഷയിൽ നിന്നുമാണ്

അവൻ നമ്മെ രക്ഷിച്ചത്. പാപത്തിന്റെ ശിക്ഷയോ മരണമാണ്. വി. പൌലോസ് സ്വാനുഭവം വിവരിക്കുന്നത് ഇപ്രകാരമാണ്: "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽവന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊ. 1:15). സുവിശേഷങ്ങളിലും ഈ ആശയം വ്യക്തമാക്കിയിട്ടുണ്ട്. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊ. 19:10).

സാത്താന്റെ ശക്തിയിൽ നിന്നും പിടിയിൽ നിന്നുമാണ് അവൻ നമ്മെ രക്ഷിച്ചത്. "നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലൊ" (അ. പ്ര. 10:38)

(3) രക്ഷയുടെ ഫലം എന്താണെന്നുകൂടെ നോക്കാം. രക്ഷയുടെ അനുഭവത്തിലേക്കു പ്രവേശിച്ചവർ അനേക അനുഗ്രഹങ്ങളുടെയും ആത്മീക പദവികളുടെയും അവകാശികളായി തീരുന്നു. അവയിൽ ചിലത് താഴെ കുറിക്കുന്നു.

(എ) ശത്രുക്കളുടെ വശത്തുനിന്നും പകയ്ക്കുന്ന ഏവരുടെയും കൈയിൽനിന്നും രക്ഷിപ്പാൻ രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു (ലൂക്കോ 1:70–71).

(ബി) ഉറപ്പിനുവേണ്ടി രക്ഷയുടെ ഉറപ്പുള്ള പാറമേൽ നിർത്തുന്നു (സങ്കീ. 95:1)

(സി) സംരക്ഷണത്തിനായി രക്ഷ എന്ന ശിരസ്ത്രം അണിയിക്കുന്നു (എഫെ. 6:17).

(ഡി) സന്തോഷത്തിനായി രക്ഷയുടെ പാനപാത്രം ലഭിക്കും (സങ്കീ. 116:13).

(ഇ) ദാഹശമനം നൽകുന്ന രക്ഷയുടെ ഉറവിങ്കൽ നിന്നു കുടിപ്പിക്കും (യെശ. 12:3).

(എഫ്) ആത്മീക സൗന്ദര്യത്തിനായി രക്ഷയുടെ വസ്ത്രം അണിയിക്കും (യെശ. 61:10).

നാം ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നതും രക്ഷയാലാണ്. അങ്ങനെ കർത്താവായ യേശുക്രിസ്തുമൂലം ദൈവത്തോട് നിരപ്പുപ്രാപിക്കുവാൻ ഇടയായിത്തീരുന്നു. സ്വർഗ്ഗീയ നഗരമായ യെരുശലേമിൽ നിത്യമായി അനുഭവിപ്പാനുള്ള സമൃദ്ധിയായ സമാധാനത്തിന്റെ അനുഭവത്തിനായി യേശുക്രിസ്തുമൂലം ലഭ്യമാകുന്ന സമാധാനം നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

ഇത്രമാത്രം സ്വർഗ്ഗീയ അനുഗ്രഹങ്ങളും പദവികളും ഉറപ്പു നൽകുന്ന ഈ രക്ഷ നിശ്ചയമായിട്ടും പ്രാധാന്യമുള്ളതുതന്നെ.

പ്രിയ വായനക്കാരാ, 'ഇത്ര വലിയ രക്ഷ അഗണ്യമാക്കിയാൽ നിനക്ക് എങ്ങനെ തെറ്റി ഒഴിയാൻ കഴിയും?' എന്നു വി. പൌലോസ് ചോദിച്ച ചോദ്യം തന്നെ ഞാൻ നിന്നോടു ചോദിക്കട്ടെ. ഇത്ര വലിയ രക്ഷ അഗണ്യമാക്കിയാൽ നാം സുരക്ഷിതരായിരിക്കുമോ? ദൈവംതന്നെ താണിറങ്ങി ജന്മമെടുത്തു. തന്റെ ജീവൻപോലും അർപ്പിച്ചു നേടിത്തന്ന ഈ രക്ഷ ഉപേക്ഷയായി വിചാരിച്ചു തള്ളിക്കളഞ്ഞാൽ നിനക്കു സമാധാനം ഉണ്ടായിരിക്കുമോ?

ആചാരനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായ പഴയനിയമമതത്തെക്കാൾ വലുതാണ് 'രക്ഷ.' അങ്ങനെ പറയാനുള്ള ചില കാരണങ്ങൾ താഴെ ചേർക്കുന്നു.

ദൈവം തന്നെയാണ് ഈ വിഷയത്തെക്കുറിച്ച് ആദ്യമായി പറഞ്ഞു തുടങ്ങിയത്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും എന്നു പ്രാരംഭത്തിൽതന്നെ ദൈവം അരുളിച്ചെയ്തു (ഉല്പ. 3:15). ദൂതന്മാരേക്കാളും, പഴയനിയമ നേതാക്കന്മാരേക്കാളും വലിയവനായ തന്റെ മദ്ധ്യസ്ഥൻ - യേശുക്രിസ്തു - തന്നെ ഇതെക്കുറിച്ചു പറയുകയും സ്വന്തയാഗത്താൽ ഇതു സാദ്ധ്യമാക്കി തീർക്കുകയും ചെയ്തു. ക്രിസ്തീയ വിശ്വാസത്തിന്റെ മൂലക്കല്ലായി തീർന്നിരിക്കുന്നതും ഇതാണ്. ഈ ദൂത് ഘോഷിക്കുവാനാണ് പരിശുദ്ധാത്മാവിനാൽ നിറച്ച് അപ്പൊസ്തലന്മാരെ യേശുകർത്താവ് നിയോഗിച്ചത്.

തികച്ചും വിശ്വസനീയമായ വിധത്തിലാണ് ഇത് നമുക്ക് ഉറപ്പാക്കി തന്നിരിക്കുന്നത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട അപ്പൊസ്തലന്മാർക്ക് വെളിപ്പെടുത്തി കിട്ടിയതും അവർ പ്രസംഗിച്ചതുമായ വചനത്തോട് ഇത് പൂർണ്ണമായി യോജിക്കയും ചെയ്യുന്നു.

യേശുകർത്താവ് ജന്മമെടുത്തു ജീവിച്ച കാലത്ത് തന്റെ ശിഷ്യന്മാരും അതു കേട്ടതാണ്. രക്ഷയുടെ സുവിശേഷം - സത്യത്തിന്റെ വചനം - അവർ അവങ്കൽ നിന്നു സ്വീകരിച്ചു. അവർ അവന്റെ അപ്പൊസ്തലന്മാരായിരുന്നു. യെരുശലേം മുതൽ ഭൂമിയുടെ അറ്റത്തോളം അവർ അതു പ്രസംഗിക്കയും ചെയ്തു.

ആ ശിഷ്യന്മാരോടൊത്തു ദൈവം പരിശുദ്ധാത്മാവിന്റെ വിവിധ ദാനങ്ങളും ശക്തിയും പ്രകടമാക്കി. അപ്പൊസ്തലന്മാർ പ്രസംഗിച്ച സുവിശേഷത്തെത്തുടർന്ന് അവരുടെ കൈയാൽ ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു. രോഗികളെ സൗഖ്യമാക്കുക, പ്രവചിക്കുക, അന്യഭാഷ സംസാരിക്കുക തുടങ്ങിയവയും ഇതിന്റെ ലക്ഷണങ്ങൾ ആയിരുന്നു.

രക്ഷയുടെ പ്രാധാന്യം ഇപ്പോൾ നമുക്ക് മനസ്സിലായയല്ലോ. അതുകൊണ്ട് 'രക്ഷപ്രാപിക്കുവാൻ ഞങ്ങൾ എന്തു ചെയ്യേണം?' എന്നു ചോദിച്ചേക്കാം. സൂര്യന്റെ കീഴിൽ സകല ആളുകളും ചോദിച്ചുകൊണ്ടിരിക്കുന്ന സുപ്രധാന ചോദ്യമാണിത്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഫിലിപ്യയിലെ ജയിൽ വാർഡനോട് പൌലോസ് പറഞ്ഞ മറുപടിയല്ലാതെ ഈ ചോദ്യത്തിനുത്തരം വേറെയില്ല. "കർത്താവായ യേശുവിങ്കൽ വിശ്വസിക്ക എന്നാൽ രക്ഷ പ്രാപിക്കും" എന്നായിരുന്നു പൌലോസിന്റെ മറുപടി (അപ്പൊ. പ്രവൃ. 16:31).

ദൈവം നൽകുന്ന രക്ഷ സ്തോത്രത്തോടുകൂടെ സ്വീകരിക്ക; എന്നാൽ പരിശുദ്ധാത്മാവിലുള്ള സന്തോഷത്താൽ ക്രിസ്തുവിന്റെ ഹൃദയം നിറയ്ക്കും; പാപത്തിന്മേലുള്ള വിജയം നൽകും; ഒടുവിലായി ജീവകിരീടം നിന്നെ അണിയിക്കയും ചെയ്യും. നിത്യജീവന്നായി കർത്താവായ യേശുക്രിസ്തുവിന്റെ കരുണ പ്രതീക്ഷിച്ചുകൊണ്ട് നീ നിന്നെത്തന്നെ ദൈവസ്നേഹത്തിൽ കളങ്കമില്ലാതെ കാത്തുസൂക്ഷിക്കുക. സ്വന്തപുത്രനെ ബലിയർപ്പിക്കുവാൻ നൽകത്തക്കവണ്ണം ഒരു ആത്മാവിനെ അത്രമാത്രം വിലയുള്ളവനായി ദൈവം കണ്ടു എന്നോർക്കണം. നിന്റെ ആത്മാവിനെ നീ നിസ്സാരമായി വിചാരിക്കരുത്; ആത്മാവിന്റെ നില കാത്തുസൂക്ഷിക്കുവാനുള്ള യാതൊരു ശ്രമവും തുച്ഛീകരിച്ചുകളയുകയും അരുത്.

ഒരു മനുഷ്യൻ ഒരിക്കൽ തനിക്കുള്ളതെല്ലാം വിറ്റശേഷം അതുകൊണ്ട് വിലപിടിപ്പുള്ള ഒരു രത്നം വാങ്ങി. വിദൂരയാത്രയ്ക്ക് അവൻ പോയപ്പോൾ ആ രത്നവും അവൻ കൂടെ കൊണ്ടുപോയി. കപ്പലിന്റെ മുകൾത്തട്ടിലിരുന്നു സൂര്യപ്രഭയിൽ ആ രത്നംപിടിച്ച് അതിന്റെ തിളക്കവും ഭംഗിയും അവൻ കാണുകയായിരുന്നു. കൂട്ടുകാരൊക്കെ വിലക്കിയെങ്കിലും അതൊന്നും വകവയ്ക്കാതെ അവൻ ആ രത്നം മുകളിലോട്ട് ഇട്ട്, താഴേക്കു വരുമ്പോൾ കൈയിൽ പിടിച്ച് രസിച്ചു

കൊണ്ടിരിന്നു. കൂട്ടുകാർ പ്രതീക്ഷിച്ചത് സംഭവിച്ചു. രത്നം കൈയിൽവച്ച് മുകളിലോട്ട് അവൻ തെറിപ്പിച്ചപ്പോൾ ഉദ്ദേശിച്ച തുപോലെ നേരെ മുകളിലോട്ടു പോകാതെ അല്പം മുമ്പോട്ടുമാറി അതു കടലിന്റെ ആഴത്തിലേയ്ക്കു വീണുപോയി. "അയ്യൊ എനിക്കതു നഷ്ടപ്പെട്ടു" "എനിക്കതു നഷ്ടപ്പെട്ടു" എന്നവൻ നിലവിളിച്ചു.

ഇത് വാസ്തവത്തിൽ നടന്ന ഒരു സംഭവം. ജീവിതം പണയപ്പെടുത്തി പന്താടുന്നവർക്കു ഭയനിർദ്ദേശം നൽകുന്ന ഒരു സംഭവമത്രെ ഇത്. ദൈവം നിന്നിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന വിലയേറിയ ആത്മാവിനെ നിസ്സാരമായി കാണുന്നുവെങ്കിൽ നീ ആയിരിക്കും കടലിൽ വീണുപോയ മുൻപറഞ്ഞ രത്നം. ലോകോല്ലാസമാകുന്ന വായുവിൽ വേണ്ടത്ര ശ്രദ്ധയില്ലാതെ നിന്റെ ആത്മാവിനെ ഇട്ട് അമ്മാനമാടുകയാണോ? അങ്ങനെയെങ്കിൽ മ്ലേച്ഛതയുടെ അഗാധത്തിൽ നിത്യനാശത്തിലേയ്ക്ക് നീ അതു നഷ്ടപ്പെടുത്തുകയാണ് എന്നോർക്കണം.

* * *

# 6
# ജീവന്റെ കിരീടം

വെളി. 2:10-ൽ നാം ഇപ്രകാരം വായിക്കുന്നു: മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും. ഈ ദിവ്യ കല്പന രണ്ടു സത്യങ്ങൾ എടുത്തുകാട്ടുന്നു. (1) ക്രിസ്തുവിനോടുള്ള വിശ്വസ്തത എന്നു പറയുന്നത് ഒരു വിശ്വാസി അതിപ്രധാനമായി കാത്തുസൂക്ഷിക്കേണ്ട ഒരു വിലയേറിയ രത്നമാണ്. മരണം വരിക്കേണ്ടിവന്നാലും അതു നഷ്ടപ്പെടുത്തുവാൻ പാടില്ല. (2) നമ്മുടെ ജീവാവസാനംവരെ ഉണ്ടായിരിക്കേണ്ട ഒന്നാണ് ക്രിസ്തുവിനോടുള്ള വിശ്വസ്തത. നാം ദൈവത്തിന്റെ കരങ്ങളിലെ നിധിയാണ്. അതുകൊണ്ട് അവസാനംവരെ നമ്മുടെ ജീവിതം സ്ഥിരമായി നിലനിൽക്കേണ്ടതാണ്.

അപ്രകാരമുള്ള വിശ്വസ്തതയ്ക്ക് വിലയേറിയ ഒരു പ്രതിഫലം ഉണ്ട് - "ജീവകിരീടം" നൽകപ്പെടും. മരണത്തിന്റെ ശക്തി ഇല്ലാതാക്കി ജയാളിയായി കല്ലറ തുറന്നു വന്ന ക്രിസ്തുവിനു ലഭിച്ച കിരീടം അതായിരുന്നു. മരണത്തെ ഇല്ലാതാക്കി ക്രിസ്തു. അതുപോലെ മരണപര്യന്തം വിശ്വസ്തനായിരിക്കുന്നവനും ജീവകിരീടം നൽകും. അതെക്കുറിച്ച് വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

1. "ഭംഗിയുള്ള കിരീടവും രാജമുടിയും" യെശ. 62:3. ക്രിസ്തു സ്വന്ത രക്തത്താൽ വീണ്ടെടുത്ത വിശ്വാസികളുടെ

കൂട്ടത്തിന് (സഭയ്ക്ക്) കർത്താവ് ഒരുക്കിയിരിക്കുന്ന കിരീടമത്രെ ഇത്.

2. "തേജസ്സിന്റെ വാടാത്ത കിരീടം" 1 പത്രൊ. 5:4. ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്ന വിശ്വസ്ത ഇടയന്മാർക്ക് ഇടയശ്രേഷ്ഠൻ നല്കുന്ന കിരീടമാണ് ഇത്.

3. "നീതിയുടെ കിരീടം" (2 തിമൊ. 4:7,8). ക്രിസ്തുവിലുള്ള വിശ്വാസത്തിലും അവന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശയിലും ജീവിക്കുന്നവർക്ക് നല്കുന്ന കിരീടമാണ് ഇത്. നല്ല പോർ പൊരുതുന്നവർക്കും ഓട്ടം വിജയകരമായി ഓടി എത്തുന്നവർക്കും ഉള്ള പ്രതിഫലമത്രെ ഇത്.

4. "ജീവകിരീടം." പരീക്ഷകളെ അഭിമുഖീകരിച്ച് നിഷ്കളങ്കരായി ജീവിക്കുന്നവർക്ക് നൽകപ്പെടുന്ന കിരീടമാണിത്. മരണത്തിനുപോലും ക്രിസ്തുവിലുള്ള കൂറിൽനിന്നു വ്യതിചലിപ്പിക്കുവാൻ കഴിയാത്ത രക്തസാക്ഷികൾക്ക് ലഭിച്ചത് ഈ കിരീടമാണ്.

തന്നെ സ്നേഹിക്കുന്നവർക്ക് ക്രിസ്തു വാഗ്ദത്തം ചെയ്ത കിരീടം ഇതാണ്. സുവിശേഷത്തിലെ ഭാഷയിൽ പറഞ്ഞാൽ നിത്യജീവന്റെയും അടയാളമാണ് ഇത്. അത് ക്രിസ്തുവിന്റ പക്കൽ നിന്ന് ഒരു വിശ്വാസിക്ക് നേരിട്ടു ലഭിക്കുന്നതാണ്. "നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക" (വെളി. 3:11) എന്ന് പ്രത്യേകം നിർദ്ദേശിക്കയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് "ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്" എന്നു വി. പൌലോസ് ഓർമ്മിപ്പിക്കുന്നത് (കൊലോ. 2:18).

ഏശാവ് ചെയ്തതുപോലെ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുത് എന്ന ഭയനിർദ്ദേശവും നമുക്ക് ലഭിച്ചിട്ടുണ്ട്. ‘‘ഒരു ഊണിനു ജേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനായി തീരാതിരിപ്പാൻ കരുതികൊൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ച് കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിനു ഇടകണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ” (എബ്രാ 12:16–17)

* * *

# 7
# എനിക്ക് എങ്ങനെ രക്ഷപ്രാപിക്കാം?

**ചോദ്യം**

*എങ്ങനെ എനിക്ക് പൂർണ്ണമായി രക്ഷപ്പെട്ട് പാപം ഉപേക്ഷിക്കുവാൻ കഴിയും? രക്ഷയ്ക്ക്, സ്നാനപ്പെട്ടു വിശ്വസിച്ചാൽ മതിയോ? പാപങ്ങൾ മോചിക്കപ്പെട്ടതിനുശേഷം മാനസാന്തരപ്പെട്ട ഒരു വ്യക്തി മറ്റ് എന്തൊക്കെ ചെയ്യണം?*

എ. എൻ. ജി. അല്ക്സാന്ത്രിയ, ഈജിപ്ത്.

സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുമ്പ് ക്രിസ്തു തന്റെ ശിഷ്യന്മാരോട് "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" എന്നരുളിച്ചെയ്തു. കർത്താവിന്റെ കല്പനകൾ ശിഷ്യന്മാർ പ്രഖ്യാപിച്ചതിൽ നിന്ന് സകല മനുഷ്യരും പാപം ചെയ്ത് ശിക്ഷാവിധിയിൽ ആയിരിക്കയാണെന്നും എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവന്, അവന്റെ നാമത്തിൽ, ചെയ്തുപോയ പാപങ്ങൾക്കു മോചനവും പാപത്തിന്റെ ശക്തിയിൽനിന്നുള്ള വിടുതലും ലഭിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്.

"രക്ഷിക്കുന്ന വിശ്വാസം" എന്ന വിഷയത്തെക്കുറിച്ചു വിശുദ്ധ ബൈബിളിലെ പഠിപ്പിക്കൽ നാം ശ്രദ്ധിച്ചാൽ നമുക്കു

വേണ്ടി ദൈവമാണ് രക്ഷ ഒരുക്കിയിരിക്കുന്നത് എന്നു കാണാം. "രക്ഷിക്കുന്ന വിശ്വാസ"ത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്.

1. വിശുദ്ധ തിരുവെഴുത്തുകളിൽ കാണുന്ന ദിവ്യവെളിപ്പാട് തിരിച്ചറിയുവാനും ക്രിസ്തുവിൽ നമുക്കായി ഒരുക്കിയിരിക്കുന്ന രക്ഷാ പദ്ധതിയിൽ വിശ്വസിക്കുവാനും സാധിക്കണം. മനുഷ്യന്റെ വീഴ്ചയെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുകയും വീണ്ടെടുപ്പിന് അവശ്യം ആവശ്യമായി ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്യുക. എന്നാൽ ഈ സത്യം അംഗീകരിക്കുന്ന മാനസികാവസ്ഥ, അതിൽ തന്നെ രക്ഷനേടുവാൻ പര്യാപ്തമല്ല. എന്നാൽ രക്ഷിക്കുന്ന വിശ്വാസത്തിലേക്ക് ഇതു നമ്മെ നടുത്തുന്നു എന്നു സമ്മതിച്ചേ തീരൂ.

2. ഇന്നത്തെ അധഃപതിച്ച അവസ്ഥയിൽനിന്നു വിടുവിപ്പാൻ ദൈവം ക്രിസ്തുവിൽ ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതി നന്ദിയോടും സ്തോത്രത്തോടുകൂടെ അംഗീകരിക്കുക. കാരണം, സൗജന്യമായി ലഭിച്ച വീണ്ടെടുപ്പും ഉദ്ധാരണവും ആണല്ലോ ഇത്.

3. നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുവിൽ മനഃപൂർവ്വമായി ആശ്രയിക്കുക. പാപം ഏറ്റുപറഞ്ഞ് അവയുടെ പരിഹാരത്തിനായി നമ്മിലുള്ള നന്മയുടെ അഭാവത്തെക്കുറിച്ച് ബോധമുള്ളവരായിരിക്കുക. അപ്പോൾ ക്രിസ്തുവിന്റെ രക്ഷാശക്തി നമ്മിൽ വ്യാപരിക്കും. അതോടുകൂടെ ക്രിസ്തുവിനെ നമ്മുടെ വ്യക്തിപരമായ രക്ഷകനായി സ്വീകരിക്കയും പാപമോചനത്തിനും പാപപരിഹാരത്തിനുമായുള്ള ഏക പരിഹാരമാർഗ്ഗം അവൻ മാത്രമാണെന്ന് അറിയുകയും ചെയ്തു. എങ്ങനെയാണ് ഇത് ഒരു യാഥാർത്ഥ്യമായിത്തീരുന്നതെന്ന് കാണിക്കുന്ന അനവധി വാക്യങ്ങൾ വേദപുസ്തകത്തിൽ ഉണ്ട്.

“അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായു ള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ! ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയുമു ള്ളവനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും” (മത്താ. 11:28-29).

“അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വശ്വസി ക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധി കാരം കൊടുത്തു” (യോഹ. 1:12).

“ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവ നിൽ നിതൃജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായി ത്തീരും” (യോഹ. 4:14).

“ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചി രുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്ക യില്ല” (യോഹ. 11:25-26).

“ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമ ത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയി രിക്കുന്നു” (യോഹ. 20:30-31).

“കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” (അപ്പൊ. പ്ര. 16:31)

“രക്ഷിക്കുന്ന വിശ്വാസ”ത്തിന് രണ്ടു വശങ്ങളുണ്ട് (1) പൊതുവായിട്ടുള്ളത് (2) വ്യക്തിപരമായിട്ടുള്ളത്. ഒന്നാമ

ത്തേത്, ക്രിസ്തുയേശുവിൽകൂടെ ഉണ്ടായ ദൈവീക വെളിപ്പാട്. സകല മനുഷ്യവർഗ്ഗത്തിനുംവേണ്ടി ഉണ്ടായതത്രെ അത്. എന്നാൽ അത് വ്യക്തിപരമായി നാം അംഗീകരിക്കുമ്പോഴാണ് നമുക്ക് അത് യാഥാർത്ഥ്യമായിത്തീരുന്നത്. അതായത് ക്രിസ്തു നൽകുന്ന സൗജന്യമായ രക്ഷ നാം അംഗീകരിക്കുന്നതിലാണ് "രക്ഷിക്കുന്ന വിശ്വാസം" നാം കാണുന്നത്. രക്ഷയുടെ മൂലക്കല്ലും അടിസ്ഥാനവും ക്രിസ്തുവാണ്. താഴെപ്പറയുന്നവയാണ് അതിന്റെ തെളിവുകൾ.

### *1. ക്രിസ്തുവിന്റെ സാക്ഷ്യം*

തന്നിൽ വിശ്വസിക്കുവാൻ ക്രിസ്തു ജനത്തെ ആഹ്വാനം ചെയ്തു. വിശ്വസിക്കുന്നില്ലെങ്കിൽ അവർ ശിക്ഷാവിധിയിൽ അകപ്പെടും എന്നും അവൻ വ്യക്തമാക്കി. തന്നിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ ഉണ്ടാകേണ്ടതിനാണ് അവൻ ക്രൂശിൽ ഉയർത്തപ്പെട്ടത്. അവനിൽ വിശ്വസിക്കുന്ന യാതൊരുത്തനും ശിക്ഷാവിധി ഇല്ല. വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവനിൽ വിശ്വസിക്കാത്തവൻ ജീവനെ കാണുകയുമില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുന്നതെയുള്ളു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ (യോഹ. 3:15, 18:36).

### *2. ക്രിസ്തുവിനെ സ്വീകരിക്കേണ്ട ആവശ്യം*

ക്രിസ്തുവിനെ സ്വീകരിക്കുന്നതിനാൽ ആണ് നാം രക്ഷിക്കപ്പെടുന്നത് എന്നു കാണിക്കുന്ന അനവധി വാക്യങ്ങൾ ഉണ്ട്.

“നാം മനുഷ്യരുടെ സാക്ഷ്യം കൈകൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു. ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചിരിക്കുന്നതുതന്നെ. ദൈവപുത്രനിൽ വിശ്വസിക്കുന്നവനു ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യ വാദിയാക്കുന്നു. ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നെ. പുത്രൻ ഉള്ളവന്നു ജീവൻ ഉണ്ട്. ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല” (യോഹ. 5:9-12).

“യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽ നിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു” (1 യോഹ 5:1).

മുകളിൽ നൽകിയിരിക്കുന്ന ഉദ്ധരിണികളിൽ നിന്നും നമ്മുടെ രക്ഷയ്ക്കു നമ്മുടെ ഭാഗത്തുനിന്നും ആവശ്യപ്പെടുന്നത്, ക്രിസ്തുവിനെ സ്വീകരിക്കുക എന്നും, ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞിരിക്കുന്ന സാക്ഷ്യം വിശ്വസിക്കുക എന്നുമാണ്. ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്നുള്ള വിശ്വാസം ഉണ്ടായിരിക്കണം. രക്ഷ ഉറപ്പാക്കി തരുന്നതും ക്രിസ്തുവത്രെ. അതുകൊണ്ട് വിശ്വാസം എന്നുപറഞ്ഞാൽ ക്രിസ്തുവിനെ നോക്കി അവനിൽ ശരണപ്പെട്ട് അവനായി നമ്മെതന്നെ കീഴ്പ്പെടുത്തിക്കൊടുക്കുക എന്നാണർത്ഥം.

### *3. അപ്പൊസ്തലിക പഠിപ്പിക്കൽ*

ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നാം നീതീകരിക്കപ്പെട്ടിരിക്കുന്നത് എന്നാണ് പൌലോസും പഠിപ്പിച്ചത്.

വിശ്വാസം എന്നു പറഞ്ഞാൽ ദൈവത്തെക്കുറിച്ചോ, ദിവ്യവെളിപ്പാടിനെക്കുറിച്ചോ സനാതന സത്യങ്ങളെക്കുറിച്ചോ ഉള്ള വിശ്വാസം മാത്രമല്ല, പിന്നെയോ ക്രിസ്തുവിൽ ഉള്ള വിശ്വാസം ആണ് അർത്ഥമാക്കുന്നത്. ക്രിസ്തു ആണ് ഈ വിശ്വാസത്തിന്റെ വിഷയംതന്നെ. "ഇപ്പോഴോ ദൈവത്തിന്റെ നീതി വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു" (റോമ. 3:21). വീണ്ടും പൌലോസ് പറയുന്നത് നോക്കുക: യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കകൊണ്ട് നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽതന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ" (ഗലാ. 2:16). "അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു" (ഗലാ. 3:24). "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാ 2:20).

### *4. നമ്മുടെ വീണ്ടെടുപ്പിനായി ക്രിസ്തു തന്നെത്തന്നെ നമുക്കായി നൽകി.*

അനേകരെ വീണ്ടെടുപ്പാൻ ക്രിസ്തു തന്നെത്തന്നെ നല്കി എന്നും പാപങ്ങളുടെ പരിഹാരത്തിനായി ക്രിസ്തു സ്വയം പ്രായശ്ചിത്തയാഗമായിത്തീർന്നു എന്നും വേദപുസ്തകത്തിൽ നാം വായിക്കുന്നു. അവന്റെ നീതീകരണത്താലും മരണത്തിലും ആശ്രയിക്കുന്നതിന്റെ ഫലമായിട്ടുമാത്രമാണ്

മനുഷ്യർ രക്ഷിക്കപ്പെടുന്നത് എന്നും നാം വേദപുസ്തക ത്തിൽ വായിക്കുന്നു.

ക്രിസ്തു നമ്മുടെ വീണ്ടെടുപ്പുകാരനും പാപപരിഹാര പ്രായശ്ചിത്തവും, അവനിലുള്ള വിശ്വാസത്താൽ നാം ദൈവ ത്തോടു നിരപ്പിക്കപ്പെടുകയും ചെയ്യുന്നു എന്നു നാം അറിയു ന്നുവെങ്കിൽ അങ്ങനെതന്നെ നാം അവനെ സ്വീകരിക്കയും നമ്മുടെ ശരണം അവനിൽ അർപ്പിക്കുകയും വേണം. ക്രിസ്തുവും, താൻ ചെയ്ത രക്ഷണ്യപ്രവൃത്തിയുമാണ് നമ്മുടെ വിശ്വാസത്തിന്റെ വിഷയവും ആശ്രയത്തിന്റെ അടി സ്ഥാനവും.

## *5. നമ്മുടെ ജീവിതം വിശ്വാസത്താൽ ക്രിസ്തുവിലാകുന്നു.*

ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ചു പറയുന്ന അനേകഭാഗങ്ങളിൽ ഈ ചിന്ത വ്യക്തമാ ക്കിയിട്ടുണ്ട്. ''വിശ്വാസത്താൽ നാം അവനിലാകുന്നു.'' "അവൻ നമ്മിൽ വസിക്കുന്നു." "അവൻ തലയും നാം അവ നിൽ അവയവങ്ങളുമാകുന്നു." "അവൻ മുന്തിരിവള്ളിയും നാം കൊമ്പുകളുമാകുന്നു." "അവൻ നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാകുന്നു." ദൈവത്തി ലുള്ള പൊതുവിശ്വാസമോ, വേദപുസ്തകത്തിലുള്ള വിശ്വാ സമോ നമ്മുടെ രക്ഷ ഉറപ്പാക്കിതരുന്നില്ല എന്ന് മേൽപ്പറഞ്ഞ ഉദ്ധരണികൾ പഠിപ്പിക്കുന്നു. ക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ള താണ് രക്ഷിക്കുന്ന വിശ്വാസം. ക്രിസ്തു വ്യക്തിപരമായി നമ്മുടെ ദൈവവും രക്ഷിതാവും ആയിത്തീരണം.

ലോകത്തെ രക്ഷിപ്പാൻ ദൈവം തന്റെ പുത്രനെ ലോക ത്തിലേക്ക് അയച്ചു എന്നു വേദപുസ്തകത്തിൽ നാം വായി ക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു;

നമ്മെ നീതീകരിക്കുവാൻ അവൻ ഉയിർക്കപ്പെടുകയും ചെയ്തു. അവനെ ദൈവം നമുക്കുവേണ്ടി നീതിയും, വിശുദ്ധിയും, ജ്ഞാനവും വീണ്ടെടുപ്പുമാക്കി തീർത്തു. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവരും അവന്റെ കരങ്ങളിൽ തങ്ങളെതന്നെ ഏൽപ്പിച്ചുകൊടുക്കുന്നവരും അവന്റെ ശുശ്രൂഷയിൽ സ്വയം അർപ്പിക്കുന്നവരും ആണ് കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾ, വേദപുസ്തകം അനുശാസിക്കയും പഠിപ്പിക്കയും ചെയ്യുന്നത് അതാണ്.

ഓരോ വിശ്വാസിയും ക്രിസ്തുവിനെ സ്വീകരിക്കയും പാപത്തിന്മേൽ വിജയം നൽകുന്ന രക്ഷകനായി ക്രിസ്തുവിനെ അംഗീകരിക്കയും ചെയ്യുന്നു എന്നത് വാസ്തവം തന്നെ. തന്റെ അനുയായികൾക്ക് ക്രിസ്തു പ്രവാചകനും, പുരോഹിതനും, രാജാവുമാകുന്നു. അവൻ ജീവന്റെയും വെളിച്ചത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമാകുന്നു. അവൻ ആരാധിപ്പാനും സ്നേഹിപ്പാനും യോഗ്യൻ തന്നെ.

രക്ഷ എന്നുള്ളത് ആഴമേറിയ ജീവിതത്തിനും നിത്യതയ്ക്കും അത്രമാത്രം പ്രാധാന്യമുള്ള വിഷയമാണെങ്കിൽ അതിന്റെ സ്വഭാവം, അർത്ഥം എന്നിവയെക്കുറിച്ചു വളരെ വ്യക്തമായി നാം അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് രക്ഷ എന്നാൽ എന്ത്?

ക്രിസ്തുമാർഗ്ഗം ആദിയോടന്തം രക്ഷയുടെ മാർഗ്ഗമാണ്. അതിന്റെ സ്ഥാപകനും നിർമ്മാതാവും വചനം ജഡമായിത്തീർന്ന ക്രിസ്തു ആണ്. “ദൈവം രക്ഷിതാവ്” എന്നർത്ഥമുള്ള യേശു എന്ന പേരിലാണ് അവൻ ഭൂമിയിലേക്കു വന്നത്. ക്രിസ്തുവിന്റെ ദൂതിൽകൂടെയും ക്രസ്തുമാർഗ്ഗത്തിന്റെ സന്ദേശത്തിൽകൂടെയും വ്യക്തമാക്കപ്പെട്ടിരിക്കുന്നതുപോലെ രക്ഷ എന്നു പറയുന്നതിൽ മനുഷ്യനെ പാപത്തിൽനിന്നു വിടുവിക്കുന്ന എന്ന ചിന്തയാണ് അടങ്ങിയിരിക്കുന്നത്. “അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ

പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്നു പേർ ഇടണം" എന്നാണ് ദൂതൻ കന്യകമറിയാമിനോട് പറഞ്ഞത് (മത്തായി 1:21). "കാണാതെപോയതിനെ തിരിഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" എന്നാണ് ക്രിസ്തു തന്നേക്കുറിച്ചുതന്നെ പറഞ്ഞിരിക്കുന്നത് (ലൂക്കോ. 19:10).

അനുതപിക്കുന്ന ഒരു വ്യക്തിക്ക് ഒരു പുരോഹിതന്റെ പാപമോചന വാക്കുകൾകൊണ്ടല്ല രക്ഷ ലഭിക്കുന്നത് എന്ന് മനസ്സിലാക്കാമല്ലൊ. മനുഷ്യനെ പാപത്തിൽ നിന്നു മോചിപ്പാൻ കഴിയുന്ന യാതൊരു പുരോഹിതനോ, വിശുദ്ധനോ, പ്രവാചകനോ, ദൂതനോ തന്നെ ഇല്ല. ഒരേ ഒരു വ്യക്തിക്കു മാത്രമേ പാപമോചനത്തിനുള്ള അധികാരം ഉള്ളൂ. അവൻ യേശുകർത്താവ് ആകുന്നു. "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" എന്നാണ് ഏക രക്ഷിതാവായ യേശുക്രിസ്തുവിനെക്കുറിച്ച് തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് (അപ്പൊ. പ്ര. 4:12).

* * *

***കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.***

# ചോദ്യങ്ങൾ

നിങ്ങൾ ഈ പുസ്തകം ശ്രദ്ധാപൂർവ്വം വായിച്ചിട്ടുണ്ടെങ്കിൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ സാധിക്കും.

1. രക്ഷ എന്നാൽ എന്ത്?
2. "രക്ഷ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം" എന്നു ചോദിച്ച പുതിയനിയമത്തിലെ വ്യക്തി ആര്?
3. പാപം ഒരു കടമയാണ് എന്ന് വേദപുസ്തകത്തിൽ നിന്ന് നിങ്ങൾ എങ്ങനെ വ്യക്തമാക്കും?
4. രക്ഷയ്ക്കുള്ള മാർഗ്ഗം എന്ത്?
5. രക്ഷയെക്കുറിച്ച് ഏഴു വാക്യങ്ങൾ എഴുതുക?
6. പാപത്തിനെതിരേ ഒരു വിശ്വാസിക്കു വിജയം നൽകുന്ന മാർഗ്ഗങ്ങൾ ഏവ?
7. "പാപമോചനം" എന്ന വാക്കിനു വേദപുസ്തകത്തിലെ അർത്ഥം എന്താണ്?
8. നന്മപ്രവർത്തികളാൽ നാം പാപമോചനം പ്രാപിക്കുന്നുവോ?
9. പ്രാർത്ഥനാനുഷ്ഠാനങ്ങൾ പാപമോചനത്തിനുള്ള മുഖാന്തരമാണോ?
10. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയ്ക്കു നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാൻ കഴിയുമോ?
11. അനുതാപം കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങൾ കഴുകിക്കളയുമോ?
12. നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു നൽകിയ വില എന്ത്?

13. ഏതിൽനിന്നാണ് ക്രിസ്തു നമ്മെ രക്ഷിച്ചത്?

14. "ജീവന്റെ കിരീടം" എന്താണ്?

15. വേദപുസ്തകത്തിൽ മറ്റു കിരീടങ്ങളെക്കുറിച്ചു പറയുന്നുണ്ടോ?

16. എന്തു പ്രസംഗിക്കണമെന്നാണ് ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്?

17. രക്ഷിക്കുന്ന വിശ്വാസത്തിന്റെ പ്രത്യേകത എന്ത്?

18. യേശുവിലുള്ള വിശ്വാസം നിത്യജീവൻ നൽകുന്നു എന്നു ശക്തീകരിച്ചു പറയുന്ന ഒരു വാക്യം ഉദ്ധരിക്കുക.

19. ക്രിസ്തുവിനെ സ്വീകരിപ്പാൻ ആഹ്വാനം നൽകുന്ന ചില വാക്യങ്ങൾ എഴുതുക.

20. ഫിലിപ്യയിലെ കാരാഗൃഹ പ്രമാണിയോട് പൌലോസും ശീലാസും നല്കിയ മറുപടി എന്ത്?

## മാന്യ വായനക്കാരോട്!

ഈ പുസ്തകം വായിച്ചശേഷം കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നപക്ഷം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എഴുതുകയോ ഞങ്ങളെ സമീപിക്കുകയോ ചെയ്യുക. നിങ്ങളെ സേവിക്കുന്നതിന് ഞങ്ങൾ സന്നദ്ധരായിരിക്കും.

**കാൾ ഓഫ് ഹോപ്പ്**
പി.ബി. നമ്പർ 45
കായംകുളം-കേരള